# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8142 — 24.07.2012- ൽ മറുപടിക്ക്

## കൈത്തറി ഉല്പന്നങ്ങളുടെ വെബ്സൈറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി ഉല്പന്നങ്ങളെക്കുറിച്ച് ലോകമെമ്പാടുമുള്ള ജനങ്ങളിൽ അവബോധമുണ്ടാക്കാനും വിപണന സാദ്ധ്യത ഉപയോഗപ്പെടുത്താനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് വിശദമാക്കാമോ; | (എ) കൈത്തറി ഉല്പന്നങ്ങളെക്കുറിച്ച് ലോകമെമ്പാടുമുള്ള ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ വേണ്ടി ദൃശ്യ,ശ്രാവ്യ പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകി വരുന്നു. കേരള കൈത്തറി വസ്ത്രങ്ങളെ മറ്റുള്ള വസ്ത്രങ്ങളിൽ നിന്നും തിരിച്ചറിയപ്പെടാൻ വേണ്ടി ഒരു ലോഗോ വികസിപ്പിക്കുകയും അതു പ്രകാശനം ചെയ്യുകയും ചെയ്തു. ഈ ലോഗോ ഉപയോഗിക്കുന്നതോടുകൂടി കേരള കൈത്തറി മറ്റുള്ള വസ്ത്രങ്ങളിൽ നിന്നും തിരിച്ചറിയാൻ കഴിയുന്നു. കഴിഞ്ഞ വർഷം ദുബായ് ഫെസ്റ്റിവലിൽ കൈത്തറി യൂണിറ്റുകൾ പങ്കെടുത്തിരുന്നു. ഈ വർഷം ജർമ്മനിയിൽ നടക്കുന്ന ഹെറാടെക്സിൽ പങ്കെടുപ്പിക്കുന്നുണ്ട്. എല്ലാ വർഷവും ഡൽഹിയിൽ വച്ച് നടക്കുന്ന ഐ ഐ റ്റി എഫ് -ൽ ഹാൻടെക്സ്, ഹാൻവീവ് കൈത്തറി സൊസൈറ്റികൾ എന്നിവ പങ്കെടുക്കുന്നുണ്ട്. ഈ വർഷം എച്ച് ഇ പി സി ഡൽഹിയിൽ നടത്തുന്ന ടെക്സ്റ്റൈൽ ട്രെൻഡ് എന്ന ഫെയറിൽ കൈത്തറി യൂണിറ്റുകൾ പങ്കെടുക്കുന്നതാണ്. ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ എന്നീ ഉത്സവ സീസണിൽ എക്സിബിഷൻ ജില്ലകൾതോറും നടത്താറുണ്ട്. കഴിഞ്ഞ വർഷം ദേശീയ കൈത്തറി മേള കോഴിക്കോട്ട് നടത്തി. ഈ വർഷവും ദേശീയ കൈത്തറി മേള നടത്തുന്നതാണ്. |

| | |
|---|---|
| (ബി) ഇതിനു വേണ്ടി കൈത്തറി ഉല്പന്നങ്ങളുടെ വെബ്സൈറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) www.looms and homes kerala.com എന്ന പേരിൽ കേരള കൈത്തറി ഉല്പന്നങ്ങളുടെ പ്രചരണത്തിനും, വിപണനത്തിനുമായി ഐ.ഐ.എച്ച്.റ്റി, കണ്ണൂർ മുഖേന വെബ്സൈറ്റ് രൂപപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഈ വെബ്സൈറ്റിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുന്നത്; വിശദമാക്കാമോ; | (സി) പ്രസ്തുത വെബ്സൈറ്റിലൂടെ കേരളത്തിലെ പ്രമുഖ കൈത്തറി നെയ്ത്തു സംഘങ്ങളുടെ വിവിധ തരം ഉല്പന്നങ്ങളുടെ പ്രദർശനവും അവ ഓൺലൈൻ ആയി ഷോപ്പിംഗ് നടത്താനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**